## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2697** — **06/02/2018-ൽ മറുപടിയ്ക്ക്.**

## ക്ഷീരോത്പാദനത്തിൽ സ്വയം പര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ രാമചന്ദ്രൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനം ക്ഷീരോല്പാദനത്തിൽ സ്വയം പര്യാപ്തത നേടിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) സ്വയംപര്യാപ്തമായിട്ടില്ല. 2018 ഡിസംബർ മാസത്തോടെ പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. മിൽമയുടെ കീഴിലുള്ള മൂന്ന് മേഖലാ യൂണിയനുകൾ (തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ, എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ, മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ) പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുവേണ്ടി വൈവിധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) മിൽമ, ഇതര സംസ്ഥാനങ്ങളിൽ നിന്നും നിലവിൽ പാൽ ഇറക്കുമതി ചെയ്യുന്നുണ്ടോ ; ഉണ്ടെങ്കിൽ പ്രതിമാസം എത്ര ലിറ്റർ ; 2017 ജനുവരി 1 മുതൽ ഡിസംബർ 31 വരെ ഇറക്കുമതി ചെയ്ത പാലിന്റെ അളവെത്രയാണ് ; | (ബി) വിപണി നിലനിർത്തുന്നതിനുവേണ്ടി പ്രതിദിനം ഏകദേശം 1.50 ലക്ഷം ലിറ്റർ പാൽ തമിഴ്നാട്, കർണ്ണാടക എന്നീ അയൽ സംസ്ഥാനങ്ങളിലെ ക്ഷീര സഹകരണ ഫെഡറേഷനുകളിൽ നിന്നും മിൽമ സ്വീകരിക്കുന്നു. |

| | | |
|---|---|---|
| | | 2017 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ മിൽമ തമിഴ്നാട്, കർണ്ണാടക എന്നീ അയൽ സംസ്ഥാനങ്ങളിലെ ക്ഷീരസഹകരണ ഫെഡറേഷനുകളിൽ നിന്നും പ്രതിദിനം ശരാശരി 2,29,000 ലിറ്റർ പാൽ വാങ്ങിയിട്ടുണ്ട്. |
| (സി) | സ്വകാര്യ പാലുത്പാദകസംഘങ്ങൾ സംസ്ഥാനത്ത് വില്പന നടത്തുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി എല്ലാ ജില്ലകളിലും ഒരു ക്വാളിറ്റി കൺട്രോൾ ഓഫീസറുടെ നേതൃത്വത്തിലുള്ള ലബോറട്ടറി സൗകര്യത്തോടുകൂടിയ ഗുണനിയന്ത്രണ വിഭാഗം പ്രവർത്തിച്ചു വരുന്നു. ക്ഷീര സഹകരണ സംഘങ്ങളിൽ നിന്ന് സംഭരിക്കുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുക. മാർക്കറ്റിൽ ലഭ്യമായ കവറു പാലുകളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുക എന്നിവ ജില്ലാ ഗുണനിയന്ത്രണ ഓഫീസുകൾ മുഖേന നടത്തി വരുന്നു. കൂടാതെ ആലത്തൂരിൽ ഒരു റീജിയണൽ ഡെയറി ലാബ് പ്രവർത്തിച്ചു വരുന്നു. കോട്ടയം, കാസർകോട് എന്നിവിടങ്ങളിലും റീജിയണൽ ലാബുകളുടെ പ്രവർത്തനം ഉടൻ തന്നെ ആരംഭിക്കുന്നതാണ്.<br>NABL അക്രഡിറ്റേഷനോടു (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലാബോറട്ടറീസ്) കൂടിയ സ്റ്റേറ്റ് ഡെയറി ലാബ് തിരുവനന്തപുരം പട്ടത്ത് പ്രവർത്തിച്ചു വരുന്നു. |

ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരംപരിശോധിക്കുന്നതിനായി മീനാക്ഷിപുരത്ത് സ്ഥിരം പാൽ പരിശോധനാ ലബോറട്ടറി പ്രവർത്തിച്ചു വരുന്നു. ആര്യങ്കാവിലും പാറശ്ശാല യിലും നടപ്പുവർഷം തന്നെ ചെക്ക്പോസ്റ്റുകൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുസരിച്ച് ഭക്ഷ്യസുരക്ഷാ വിഭാഗത്തിൻ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ അനലിറ്റിക്കൽ ലാബുകളും പത്തനംതിട്ടയിൽ ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും പ്രവർത്തിക്കുന്നു. ഇതു കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ കേന്ദ്രമാക്കി മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളും പ്രവർത്തിക്കുന്നു. ഈ ലാബുകളിലും പാൽ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ട്.

സെക്ഷൻ ഓഫീസർ.